II ഇ.ബി. XIV - കേരള നിയമസഭ/XVIII-2

**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2020 ഫെബ്രുവരി 04, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

4 (*31) ടൂറിസം മേഖലയിലെ പദ്ധതികൾ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, ടൂറിസം മേഖലയുടെ വളർച്ചയും സമഗ്ര വികസനവും ലക്ഷ്യമാക്കിക്കൊണ്ട് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെ നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്നും തൻമൂലം വിദേശ വിനോദ സഞ്ചാരികളുടെ

എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അടിസ്ഥാന സൗകര്യ വികസനം, വിപണന തന്ത്രം എന്നിവയ്ക്ക് പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്ന പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണെന്നും പ്രളയം, പ്രകൃതി ദുരന്തം എന്നിവയെത്തുടർന്ന് തടസ്സം നേരിട്ട പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി അതത് എം.എൽ.എ.-മാരെ ചെയർമാന്മാരാക്കി നിയോജകമണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ അവലോകനം നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. കൂടാതെ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിലും പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകാറുണ്ട്. ഇതിനു പുറമെ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ-ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എഞ്ചിനീയർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പുവരുത്തിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, സംരക്ഷണം എന്നിവയ്ക്കായുള്ള ഗ്രീൻ കാർപ്പറ്റ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരെ പ്രധാന ഡെസ്റ്റിനേഷനുകളിൽ മാനേജർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും 14

ജില്ലകളിലെയും പദ്ധതി പൂർത്തീകരണം മോണിറ്റർ ചെയ്യുന്നതിനായി ടൂറിസം ഡയറക്ടറേറ്റിൽ പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. കോവളത്ത് എത്തുന്ന സഞ്ചാരികൾക്ക് ഉന്നതനിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി കുടിവെള്ള പദ്ധതിയും ലൈറ്റിംഗ്/ സുരക്ഷാ ക്യാമറ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുള്ളതിന് പുറമെ മാസ്റ്റർപ്ലാൻ തയ്യാറാക്കി 20 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകി നിർമ്മാണപ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണെന്നും ക്രാഫ്റ്റ് വില്ലേജിന്റെ പ്രവൃത്തിയുടെ ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുണ്ടെന്നും 'സൈലന്റ് വാലി സൺ ബാത്ത് പാർക്ക് പദ്ധതി ഉദ്ഘാടനഘട്ടത്തിലാണെന്നും വർക്കല വിനോദസഞ്ചാര കേന്ദ്രത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി 8.99 കോടി രൂപയുടെ വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി നടപടികൾ പുരോഗമിച്ചുവരികയാണെന്നും മന്ത്രി അറിയിച്ചു. ഈ ഗവൺമെന്റ് വന്നശേഷം തൃശ്ശൂർ ജില്ലയിൽ 67,22,51,615 രൂപയുടെ വിവിധ പദ്ധതികൾക്ക് അനുമതിയും കണ്ണൂർ ജില്ലയിൽ 115-ഓളം കോടി രൂപയുടെ പദ്ധതികൾക്ക് എ.എസ്.-ഉം കൊടുത്തിട്ടുണ്ടെന്നും വടക്കാഞ്ചേരി

എം.എൽ.എ.-യെ ഡി.എം.സി. ചെയർമാനായി നിയമിക്കുന്നതിൽ പോരായ്മ വന്നിട്ടുണ്ടെങ്കിൽ പരിഹരിക്കുന്നതാണെന്നും പത്തനംതിട്ട ഡി.റ്റി.പി.സി.-യുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിക്കാവുന്നതാണെന്നും കാക്കത്തുരുത്തിൽ ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

5 (*32,*49 & *50) സാമ്പത്തിക പ്രതിസന്ധി

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങൾ, നോട്ട് നിരോധനം, വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതി എന്നിവ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയുണ്ടായെന്നും തുടർച്ചയായുണ്ടായ മഹാ പ്രളയവും വായ്പയെടുക്കുന്നതിൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന നിയന്ത്രണവും സ്ഥിതി കൂടുതൽ വഷളാക്കിയെന്നും സഭയെ അറിയിച്ചു. കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കിയും

ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി നികുതി കുടിശ്ശിക പിരിച്ചെടുത്തും റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തിയും നികുതി ചോർച്ച തടയുന്നതിനായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കിയും ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയും നികുതി പിരിവ് കാര്യക്ഷമമാക്കിയും സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ ശ്രമിക്കുകയാണ്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിന്റെയും അക്രഡിറ്റഡ് കോൺട്രാക്ടേഴ്സിന്റെയും ബില്ലുകൾക്ക് ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തി പൊതുവിപണിയിൽ ക്രിയാത്മകമായി ഇടപെടുകയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ബിൽ ഡിസ്കൗണ്ടിംഗ് സ്കീമിൽ അസറ്റ് ഡെവലപ്മെന്റ് പ്രോജക്ടുകൾ, അക്രഡിറ്റഡ് ഏജൻസി വഴി ചെയ്യുന്ന പ്രവർത്തനങ്ങൾ, ഡെപ്പോസിറ്റ് വർക്ക് എന്നിവ ഉൾപ്പെടുത്തുകയും മൂന്ന് വർഷമായി പേമെന്റ് ലഭ്യമാകാത്ത അസറ്റ് ഡെവലപ്മെന്റ് പ്രോജക്ടുകളുടെ ലിസ്റ്റ് ലഭ്യമാക്കുന്നപക്ഷം അവ പരിശോധിക്കുന്നതാണെന്നും പട്ടികജാതി മേഖലയിലെയും നിർമ്മിതി കേന്ദ്രത്തിന്റെയും പ്രവൃത്തികൾ ബിൽ ഡിസ്കൗണ്ടിംഗ് സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 361 മുതൽ 715 വരെയുള്ള ചോദ്യങ്ങളിൽ 73 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)